പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1482

06.03.2020-ൽ മറുപടിക്ക്

## ഗ്രാമവികസന വകുപ്പിന്റെ വികസന പരിശീലന കേന്ദ്രം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൽദോസ് പി.കുന്നപ്പിള്ളിൽ | എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ മന്ത്രി) |
| എ) ഗ്രാമവികസന വകുപ്പിന്റെ ഒരു വികസന പരിശീലന കേന്ദ്രം പെരുമ്പാവൂരിൽ ആരംഭിക്കുന്നതിന് പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ; അതിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;<br><br>ബി) ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും സ്വയം സഹായ സംഘങ്ങൾക്കും പ്രയോജനപ്പെടുന്ന പ്രസ്തുത പരിശീലനകേന്ദ്രം അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | എ) & ബി) ഗ്രാമവികസന വകുപ്പിന്റെ ഒരു വികസന പരിശീലന കേന്ദ്രം പെരുമ്പാവൂരിൽ ആരംഭിക്കുന്നതിന് ഗ്രാമവികസന വകുപ്പിൽ നിന്നോ കിലയിൽ നിന്നോ ഫോർമൽ പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. കൂവപ്പടി ബ്ലോക്ക് പഞ്ചായത്തിൽ ഗ്രാമവികസന വകുപ്പിന്റെ ഒരു വികസന പരിശീലന കേന്ദ്രം അനുവദിക്കുന്നതിനുവേണ്ടിയുള്ള കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അപേക്ഷ റിപ്പോർട്ടിനായി കില ഡയറക്ടർക്ക് അയച്ചിരുന്നു. സ്ഥാപനം തുടങ്ങാനുദ്ദേശിച്ച സ്ഥലത്തിന്റെ വിശദാംശങ്ങൾ ഒന്നും തന്നെ പ്രസ്തുത അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടില്ലാത്ത തിനാൽ സ്ഥലത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുന്നതിന് കിലയിൽ നിന്നും 24.11.2018-ന് കൂവപ്പടി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന് കത്ത് നൽകിയിട്ടുണ്ട്. സ്ഥലത്തിന്റെ വിശദാംശങ്ങളും പെരുമ്പാവൂരിൽ വികസനപരിശീലന കേന്ദ്രം തുടങ്ങേണ്ടതിന്റെ അനിവാര്യത സംബന്ധിച്ച കില ഡയറക്ടറുടെ റിപ്പോർട്ടും അടങ്ങുന്ന പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.